കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വരാപ്പുഴ ഗ്രാമപഞ്ചായത്ത്
# 2018-19 ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ്
## എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ -ഇ.കെ.എം (പി-13)1574/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ കാക്കനാട് – 682030

ഫോൺ നം. 0484 2422271
ഇ മെയിൽ doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ                                                                തീയതി – 09.01.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

.

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

**<u>പകർപ്പ് :</u>**

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

ജോ.ജോ.

.

നം.കെ.എസ്.എ -ഇ.കെ.എം (പി-13)1574/19                    തീയതി:09.01.2020

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.കെ.വിനോദ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.08.2019. മുതൽ 02.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജിനിൽ റോയ് ഡി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.എം.എസ്.ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ബെറ്റ്സി സി.എക്സ്. | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എസ്.മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. മഞ്ജുള ആർ. | 01.04.2018 മുതൽ 09.12.2018 വരെ |
| സെക്രട്ടറി-ഇൻ-ചാർജ്ജ് | ശ്രീ.ഷെരീഫ്.പി.വി. (അസിസ്റ്റന്റ് സെക്രട്ടറി) | 10.12.2018മുതൽ 31.12.2018 വരെ |
| സെക്രട്ടറി | ശ്രീമതി. മഞ്ജുള ആർ. | 01.01.2019മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.സൈനബ ബീവി.കെ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷെരീഫ്.പി.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ നമിത നായക് | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷെറോൺ ഫെർണാണ്ടസ് | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (CHC) | ഡോ.സെലിൻ ടെൻസി | 01.04.2018മുതൽ 28.07.2018വരെ |
| | ഡോ. അപ്പു സിറിയക് | 29.07.2018മുതൽ 31.03.2019വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.സാജു.എൻ.രാജൻ | 01.04.2018മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (വരാപ്പുഴ) | ശ്രീമതി. റിനി സി.എം | 01.04.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ (വരാപ്പുഴ) | ശ്രീ.ഗിരി.എം.ആർ | 01.04.2018മുതൽ 19.07.2018വരെ |
| | ശ്രീമതി, റിനി സി.എം (ചാർജ്ജ്) | 20.07.2018മുതൽ 31.12.2018വരെ |
| | ശ്രീമതി.ശുഭ വി.നായർ | 01.01.2019മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിനി.എ | 01.04.2018മുതൽ 25.07.2018വരെ |
| | ശ്രീമതി.അശ്വതി പി. | 26.07.2018മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രശ്മി രാമചന്ദ്രൻ | 01.04.2018മുതൽ 31.03.2019വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ,ചിറക്കകം വരാപ്പുഴ | ശ്രീ.ആൽബി.കെ.എൽ | 01.04.2018മുതൽ 31.03.2019വരെ |

.

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച്സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ | 1-13 |
| 14 | ഓഡിറ്റ് ഇംപാക്ട് | 1-14 |
| 15 | വാടക, ലേലം പരിശോധനയിൽ കണ്ട അപാകതകൾ | 1-15 |

| | | |
|---|---|---|
| 16 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – വിനിയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-16 |
| 17 | ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പ്രോജക്ടിലെ അപാകതകൾ | 1-17 |
| 18 | മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 20 | പ്ലാസ്റ്റിക് സംഭരണകേന്ദ്രവും, ഷ്രെഡ്ഡിംഗ് & ബെയ് ലിംഗ് യൂണിറ്റും- ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-20 |
| 21 | സംയുക്തപ്രൊജക്ടുകൾ നടപ്പാക്കുന്നതിൽ കാലതാമസം | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ് | 1-22 |
| 23 | പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം- വിവരങ്ങൾ ലഭ്യമല്ല | 1-23 |
| | **ഭാഗം 2** | |
| 24 | തൊഴിൽ നികുതി പിരിവ് അപാകതകൾ – തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് – 4170/-രൂപ | 2-1 |
| | **ഭാഗം 3** | |
| | ഇല്ല | |
| | **ഭാഗം 4** | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 35 | വാർഷിക ധനകാര്യപത്രിക- ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 36 | വാർഷിക ധനകാര്യപത്രിക- ഇൻകം & എക്സ്പെൻഡിച്ചർ പത്രിക | അനുബന്ധം-3 |
| 37 | വാർഷിക ധനകാര്യപത്രിക- റസീപ്റ്റ് & പേമെന്റ് പത്രിക | അനുബന്ധം-4 |


## <u>ഭാഗം -1</u>

## <u>പൊതു അവലോകനം</u>

## <u>ഓഡിറ്റ് റിപ്പോർട്ട്</u>

1-1 ബജറ്റ്

26.03.2018-ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 05.02.2019-ാം തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീയതി / തീരുമാനം നം. | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 04.05.2019 തീരുമാനം നം. 17(1) | 31.07.2019 | 14.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തിയ തീയതി | അക്കൗണ്ട്സ് സർട്ടിഫിക്കറ്റ് നല്കിയ തീയതി |
|---|---|
| 16.08.2019 & 17.08.2019 | കെ.എസ്.എ.-ഇ.കെ.എം.(പി.ജി)1227(79)/2019 തീയതി 21.08.2019 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| **മുൻബാക്കി** | 1,74,13,705 |
| വരവ് | 6,57,83,879 |
| ആകെ | 8,31,97,584 |
| ചെലവ് | 6,18,04,406 |
| നീക്കിബാക്കി | 2,13,93,178 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ റജിസ്റ്റർ എന്നിവ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14350909 | 14350909 | 13104457 | 0 | 1246452 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2003000 | 2003000 | 732583 | 0 | 1270417 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 107000 | 107000 | 4350 | 0 | 102650 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13400000 | 13400000 | 5339120 | 0 | 8060880 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3007000 | 3007000 | 2544602 | 0 | 462398 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6663000 | 6663000 | 4242817 | 0 | 2420183 |
| ലോക ബാങ്ക് സഹായം KLGSDP | 0 | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് (SBIബാങ്ക് ) | 1095234 | 3197442 | 4292676 | 2059756 | 2232920 | |
| തനത് ഫണ്ട് (വരാപ്പുഴ സഹകരണ ബാങ്ക് ) | 4129286. | 13354458 | 17483744 | 8436502 | 9047242 | |
| തനത് ഫണ്ട് (ബാങ്ക്) | 26491 | 403260 | 429751 | 269200 | 160551 | |
| തനത് ഫണ്ട് (ട്രഷറി-TSB) | 5057465 | 2450856 10194412 | 17702733 | 16585139 | 1117594 | |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | | | | | | |
| സാക്ഷരത | 3240 | 73110 | 76350 | 72833 | 3517 | |
| ദുരിതാശ്വാസ ഫണ്ട് | 1823 | 2360 | 4183 | 0 | 4183 | |
| സംയുക്ത പ്രൊജക്ട് | 65,00,000 | 1,0877293 | 17377293 | 9224809 | 8152484 | |
| എൻ.ആർ.ഇ.ജി. എസ് | 1344 | 1515147 | 1516491 | 1471051 | 45440 | |
| ബി.ഫണ്ട് | 0 | 382600 | 382600 | 382600 | 0 | |
| മറ്റ് സംസ്ഥാനാ വിഷ്കൃത ഫണ്ട് (പെൻഷൻ - കോർപ്പറേഷൻബാങ്ക് അക്കൗണ്ട്) | 90491 | 3200 | 93691 | 0 | 93691 | |
| മറ്റ് സംസ്ഥാനാ വിഷ്കൃത ഫണ്ട് -ജനകീയ ഭവനം-(SBI-അക്കൗണ്ട്) | 33461 | 1186 | 34647 | 0 | 34647 | |
| മറ്റ് കേന്ദ്രാവിഷ്കൃത ഫണ്ട്-BSUP (SBI-അക്കൗണ്ട്) | 474870 | 16839 | 491709 | 0 | 491709 | |
| തനത് ഫണ്ട് (ക്യാഷ്) | 0 | 9200 | 9200 | 0 | 9200 | |
| ആകെ | 17413705 | | | | 21393178 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 148 | 90 | 41 | 17 | 60.80 |

## 1-7 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1344 | 1515147 | 1516491 | 1471051 | 45440 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 14976999 | 14976999 | 14976999 | 0 |
| ആകെ | 1344 | 16492146 | 16493490 | 16448050 | 45440 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

| | ഇനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | തൻ വർഷം ലഭിച്ച അപേക്ഷകൾ | തൻവർഷം നിരസിച്ച അപേക്ഷകൾ |
|---|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3687800 | 3687800 | 283 | 9 | 1 |
| 2 | വിധവാ പെൻഷൻ | 13326500 | 13326500 | 1105 | 32 | 5 |
| 3 | വികലാംഗ പെൻഷൻ | 3942300 | 3942300 | | 9 | 0 |
| 4 | വാർദ്ധക്യകാല പെൻഷൻ | 24496400 | 24496400 | 2265 | 223 | 32 |
| 5 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 645000 | 645000 | 61 | 3 | 0 |
| 6 | തൊഴിൽ രഹിത വേതനം | 28800 | 24600 | 15 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 7 | വിവാഹധന സഹായം | 600000 | 270000 | 9 | 10 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2019-ാംതീയതി 3 മണിക്ക് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തി. 4,060/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണസംവിധാനം

**I. ഗുണഭോക്തൃതെരഞ്ഞെടുപ്പ് - മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധനല്കണം**

പല പദ്ധതികളുടെ ഗ്രാമസഭാലിസ്റ്റിലും ഉയർന്ന മാർക്ക് വാങ്ങുന്ന മുകളിലുള്ള ഗുണഭോക്താക്കൾക്ക് നൽകാതെ താരതമ്യേന താഴെയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതായി കാണുന്നുണ്ട്. ഗുണഭോക്തൃവിഹിതം ഒടുക്കാത്തതിനാലും, തങ്ങൾക്ക് ഈ വർഷം ആനുകൂല്യങ്ങൾ ആവശ്യമില്ല എന്ന ഗുണഭോക്താവ് അറിയിച്ചതിനാലും, അവശ്യമായ രേഖകൾ ലഭ്യമാക്കാത്തതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് സംബന്ധിച്ച് നല്കുന്ന വിശദീകരണം. പ്രസ്തുത ഗുണഭോക്താക്കൾക്ക് രേഖകൾ നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയതായോ ഈ വർഷം ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല എന്നുള്ള അവരുടെ സമ്മതപത്രമോ ഫയലിൽ കാണുന്നില്ല.ഏതെങ്കിലും സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റിൽ മുകളിലുള്ള ഗുണഭോക്താവ് ആനുകൂല്യം കൈപ്പറ്റാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ സമ്മതപത്രം വാങ്ങി സൂക്ഷിക്കുന്നത് ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന്റെ സുതാര്യത ഉറപ്പുവരുത്തും.

**<u>II പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമാക്കണം</u>**

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല.

III. ഫ്രണ്ട് ഓഫീസിൽ ആദ്യം വരുന്നവർക്ക് ആദ്യം സേവനം നൽകുക എന്ന മാനദണ്ഡം പാലിക്കുന്നതിനായി ടോക്കൺ സമ്പ്രദായം നിലവിലുണ്ട്.വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, വിവരാവകാശ അപേക്ഷകളുടെ തീർപ്പാക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതേസമയം പൗരാവകാശരേഖ പൊതുജനങ്ങൾക്കായി പ്രദർശിപ്പിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്െറ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25.07.2019 | 01.06.2019 to 30.06.19 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2016 | 2011-12 to 2015-16 | 26.10.2016 |

## 1-12 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2017-18 സാമ്പത്തികവർഷം “വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ” എന്ന പ്രൊജക്ടിന് വേണ്ടി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ ബാക്കി നിൽക്കുന്ന തുകയായ 3,877/- രൂപയും(118229-114352), 2018-19 വർഷം “വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ” എന്ന പ്രൊജക്ടിന് വേണ്ടി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുകയായ 4,26,121/- രൂപയും ഉൾപ്പെടെ 4,29,998/- രൂപയാണ് 31.03.2019-ലെ ബാലൻസ് ഷീറ്റിൽ മുൻകൂർ നല്കിയത് ക്രമീകരിക്കാതെ ബാക്കിനിൽക്കുന്നതായി കാണിച്ചിരിക്കുന്നത്. എന്നാൽ “ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ” എന്ന പ്രൊജക്ടിന് വേണ്ടി 77,736/- രൂപയും കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് RP-16 ഷെഡ്യൂളിൽ 251 630 101 എന്ന ചെലവ് ഹെഡിൽ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നതിനാൽ മുൻകൂർ നല്കിയത് ക്രമീകരിക്കാതെ ബാക്കിനിൽക്കുന്നതായി ബാലൻസ് ഷീറ്റിലെ B-18ഷെഡ്യൂളിൽ വന്നിട്ടില്ല. 77,736/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

## 1-13 രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

1965ലെ കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 36 പ്രകാരം ഫോറം നം. 33-ലാണ് പഞ്ചായത്തിൽ ലഭിക്കുന്ന വരവുകൾക്ക് രസീത് നല്കേണ്ടത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രാബല്യത്തിലായതിന് ശേഷവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാംഖ്യ സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വന്നതിന് ശേഷവും സാംഖ്യ രസീതുകൾ ഉപയോഗിക്കാത്ത സന്ദർഭങ്ങളിലെല്ലാം തന്നെ 1965ലെ അക്കൗണ്ട്സ് ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള രസീതുകൾ തന്നെയാണ് ഉപയോഗിച്ച് വരുന്നത്. മേൽച്ചട്ടത്തിൽ ഇത്തരം രസീതുകൾ നികുതിദായകന് നല്കുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കണമെന്നും, ഓരോ രസീത് ബുക്കും പിരിവ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ ഏല്പിക്കും മുമ്പ് ഓരോ രസീത് ബുക്കിലും 1 മുതൽ 100 വരെ മെഷീൻ നമ്പർ ചെയ്ത അസൽ രസീതും, അതിന്റെ പകർപ്പും ഉണ്ട് എന്ന സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം എന്നും നിർദ്ദേശമുണ്ട്. വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19ൽ ഉപയോഗിച്ചിട്ടുള്ള ഒരു രസീത് ബുക്കിലും ഇത്തരത്തിലുള്ള സാക്ഷ്യപ്പത്രം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ സാക്ഷ്യപ്പെടുത്തലിന്റെ അഭാവത്താലും, രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അവധാനതയുടെയും ഫലമായി താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1. വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ 2018-19 നടപ്പാക്കിയ വിവിധ പ്രൊജക്ടുകളിലെ ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്നതിനായി 13497 എന്ന നമ്പർ രസീത് ബുക്ക് ഉപയോഗിച്ചിരുന്നു. ഈ രസീത് ബുക്കിൽ 1 മുതൽ 14 വരെ രസീതുകൾ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് , ബയോ പോട്ട് വിതരണം എന്നീ പ്രൊജക്ടുകൾക്ക് വേണ്ടി ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം വാങ്ങിയിരുന്നു. എന്നാൽ ഈ രസീത് ബുക്കിലെ 15-മത്തെ രസീത് ഉപയോഗിക്കാതെ പിന്നീട് 16-ാമത്തെ രസീതാണ് ഉപയോഗിച്ചിരിക്കുന്നത്. ഉപയോഗിക്കാത്ത 15-ാമത്തെ രസീതിന്റെ പകർപ്പ് രസീത് ബുക്കിൽ കാണുന്നില്ല. ഈ രസീത് എന്ത് കാരണത്താലാണ് ഉപയോഗിക്കാതെ പോയതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

16-ാമത്തെ രസീത് ഉപയോഗിച്ച് LIFE പദ്ധതിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത അംബികപരമേശ്വരൻ എന്ന ഗുണഭോക്താവിൽ നിന്ന് മുൻകൂർ നല്കിയ 40,000- രൂപ തിരികെ ഈടാക്കിയതും, 17-മത്തെ രസീതിൽ നിഷാ നെൽസൺ എന്ന

ഗുണഭോക്താവിൽ നിന്ന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗുണഭോക്തൃവിഹിതം 8500/- രൂപ ഈടാക്കിയതും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 17 -ാമത്തെ രസീതിന്റെ പകർപ്പിൽ മേൽപ്പറഞ്ഞ രേഖപ്പെടുത്തൽ കാർബൺ വെച്ച് പതിപ്പിച്ച് ഗുണഭോക്താവിന് നല്കിയിട്ടില്ല.

കാരണമൊന്നും രേഖപ്പെടുത്താതെ 15-ാം നമ്പർ രസീത് ഉപയോഗിക്കാതെ പോയതിനും, ഉപയോഗിക്കാത്ത 15-ാംനമ്പർ രസീതിന്റെ പകർപ്പ് രസീത് ബുക്കിൽ കാണാത്തത് സംബന്ധിച്ചും, 17-ാം നമ്പർ രസീതിന്റെ പകർപ്പിൽ കാർബൺ ഉപയോഗിച്ച് പകർപ്പ് തയ്യാറാക്കി ഗുണഭോക്താവിന് നല്കാത്തത് സംബന്ധിച്ചും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ എൻക്വയറി നം.9-ന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ നല്കിയ മറുപടിയിൽ ഡബിൾ സൈഡഡ് കാർബൺ സ്ഥാനംതെറ്റി വെച്ച് രസീത് എഴുതിയത് മൂലം സംഭവിച്ച അപാകതയാണെന്ന് മറുപടി നല്കിയിരുന്നു.

നിർവ്വഹണോദ്യോഗസ്ഥർക്ക് ഉൾപ്പെടെ രസീത് ഉപയോഗിക്കാൻ നല്കുമ്പോൾ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിൽ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ വേണ്ടത്ര നിഷ്കർഷ പുലർത്തുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

കൂടാതെ ക്യാൻസൽ ചെയ്യുന്ന രസീതുകളിലെല്ലാം കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-14 ഓഡിറ്റ് ഇംപാക്റ്റ്

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെതൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് ഇസബെല്ലാ ഡെൽസാരിയോ പബ്ലിക് സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയയിനത്തൽ 1-ാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിൽ കുറവ് വന്നത് ഓഡിറ്റ് എൻക്വയറി നം. 2 മുഖേന ചൂണ്ടിക്കാണിച്ചിരുന്നു. ആയതനുസരിച്ച് 4640/-രൂപ രസീത് നം. 119030102691 തീയതി.26.08.19 പ്രകാരം അടച്ചിട്ടുണ്ട്.

## 1-15 വാടക, ലേലം പരിശോധനയിൽ കണ്ട അപാകതകൾ

പഞ്ചായത്ത് വക കടമുറികളും ആഫീസ് മുറികളും മാർക്കറ്റ് സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ചമയ്ച്ചിരിക്കുന്ന വാടകക്കരാറിൽ വാടക കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി തുടങ്ങിയ വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാടകക്കരാർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇത് കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ, വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുകയാണെങ്കിൽ ടി കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനെ ദുർബലപ്പെടുത്തുന്നു.

## 1-16 വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - വിനിയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് വാങ്ങൽ |
| പ്രോജക്ട് നംപർ | 152/2019 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 4,80,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരങ്ങൾ | 4,48,350/- ക്യൂ ബില്ല്. തീയതി 02.06.2019 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ "വിവിധ വാർഡുകളിൽ തെരുവു വിളക്ക് വാങ്ങൽ" എന്ന പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു .

1. എനർജി എഫിഷ്യന്റ് LED സ്ട്രീറ്റ് ലൈറ്റ് വാങ്ങാതെ 2 x 36/40 W ഡബിൾ ട്യൂബ് സെറ്റാണ് എഡിസൺ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നത്.

2. 183 ഡബിൾ ട്യൂബ് സെറ്റാണ് വാങ്ങിയിരിക്കുന്നത്. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചില്ല.

3. എത്ര ട്യൂബ് സെറ്റുകൾ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചു എന്നുള്ളത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

4. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകൾ സംബന്ധിച്ച് പഞ്ചായത്തും, കെ.എസ്.ഇ.ബി.അധികൃതരും ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ല. ട്യൂബ് സെറ്റുകൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി, വാർഡുകളിൽ ഇവ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതും, ജോയിന്റ് വേരിഫിക്കേഷൻ നടത്തേണ്ടതുമാണ്.

## 1-17 ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പ്രോജക്ടിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് : മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും

പ്രോജക്റ്റ് നം. : 032/19

നിർവ്വഹണം : സബ് ഇൻസ്പെക്ടർ ഫിഷറീസ്

അടങ്കൽ : 200000/-

ചെലവ് : 199200/-

**<u>ചെലവിന്റെ വിവരങ്ങൾ</u>**

ട്രഷറി ബിൽ നം. 1 : 119400/- തീയതി 21.01.2019

ട്രഷറി ബിൽ നം. 2 : 30000/- തീയതി 08.07.2019

ഗുണഭോക്തൃവിഹിതം : 49800/-
ആകെ : 1,99,200/-

**<u>ഓഡിറ്റ് പരാമർശങ്ങൾ</u>**

1. അംഗീകൃത ഫിഷിംഗ് ലൈസൻസ് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2. നിലവിൽ മത്സ്യബന്ധന വള്ളം ഇല്ലായെന്ന സാക്ഷ്യപത്രമില്ല.

3. വലയും അനുബന്ധ സാമഗ്രികളും വ്യാസ സ്റ്റോറിൽ നിന്നും വാങ്ങിയതിന്റെ രസീത് ഹാജരാക്കിയെങ്കിലും 8 സെറ്റ് വലയും മറ്റും വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

4. 8 വർഷത്തിൽ ഒരിക്കൽ മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളുവെന്നതിനാൽ, ഗുണഭോക്താവിന് മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5. ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.
6. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.
മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ പ്രൊജക്ടിൽ ചെലവഴിച്ച തുക 1,99,200/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ "ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ" എന്ന പ്രോജകടിനായി നല്കിയ ഇൻഡന്റ് പ്രകാരം 8,00,000/- രൂപ ഔഷധി എന്ന സ്ഥാപനത്തിനു നല്കിയിട്ടുണ്ട് (ട്രഷറി ബിൽ.നം. 3, തീയതി. 24/01/2019). എന്നാൽ 4,39,116/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചത്. 3,60,884/- രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് .

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ഇലക്ട്രിസിറ്റി ബോർഡിൽ തുക ഒടുക്കിയിരുന്നെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് വിവരങ്ങൾ |
|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ.<br>പ്രോജക്ട് നം.01/19. | 200000 | **ആകെ ചെലവ് 77736/-**<br>1)(ബിൽ നം.55 ,തീയതി.17/01/2019) 14712/-<br>2)(ബിൽ നം.50 ,തീയതി.29/12/2018) 24122/-<br>3)(ബിൽ നം.41 ,തീയതി.15/11/2018) 9886/-<br>4)(ബിൽ നം.15 ,തീയതി.30/07/2018) 20000/-<br>5)(ബിൽ നം.09 ,തീയതി.20/06/2018) 9016/- |
| 2 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ<br>പ്രോജക്ട് നം.14/19. | 426121 | **ആകെ ചെലവ് 426121/-**<br>1)ബിൽ നം.60 ,തീയതി.15/02/2019- 24000/- രൂപ<br>2)ബിൽ നം.61 ,തീയതി.15/02/2019- 2121/- രൂപ<br>3)ബിൽ നം.53 ,തീയതി.10/01/2019- 400000/- രൂപ |

## 1-20 പ്ലാസ്റ്റിക് സംഭരണകേന്ദ്രവും, ഷ്രെഡിംഗ് & ബെയ്‌ലിംഗ് യൂണിറ്റും - ലക്ഷ്യം പൂർത്തീകരിച്ചില്ല.

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ പ്ലാസ്റ്റിക് സംഭരണകേന്ദ്രവും, ഷ്രെഡിംഗ് യൂണിറ്റും തുടങ്ങുന്നതിനായി 2017-18ൽ "പ്ലാസ്റ്റിക് സംഭരണകേന്ദ്രം നിർമ്മാണം " (പ്രൊജക്ട് നം. 137/18) എന്ന പദ്ധതി ആവിഷ്ക്കരിച്ചു. ഇതിനായി വികസനഫണ്ട് (ജനറൽ) ഇനത്തിൽ നിന്ന് 5,00,000/- രൂപയും, ശുചിത്വ മിഷൻ ഫണ്ടായി 10,00,000/- രൂപയും ഉൾപ്പെടെ 15,00,000/- രൂപ അടങ്കലിൽ അംഗീകാരം ലഭിച്ച പദ്ധതി ഇ ടെൻഡർ നടത്തി, AVJ കൺസ്ട്രക്ഷൻസ് എന്ന കരാറുകാരൻ പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ചെയ്തു.

തുടർന്ന് 2018-19 -ൽ പ്ലാസ്റ്റിക് സംഭരണകേന്ദ്രം ഇലക്ട്രിഫിക്കേഷൻ എന്ന പ്രൊജക്ട് ( പ്രൊ.നം. 16/19)- ൽ 2,50,000/- രൂപ വകയിരുത്തി 29/12/18-ൽ ടെൻഡർ ചെയ്യുകയും, ലോറൻസ് തിബോഷ്യസ് എന്ന കരാറുകാരൻ പ്രവൃത്തി കരാറെടുത്ത് ചെയ്യുകയുമുണ്ടായി.

ടി പ്രൊജക്ടുകളുടെ ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| ബിൽ തുക | ട്രഷറി ബിൽ നം./ തീയതി | |
|---|---|---|
| 11,62,282/- | 2/18-19 തീയതി 13.06.2018 | സിവിൽ വർക്ക് |
| | | |

| | | |
|---|---|---|
| 2,27,773/- | 14/18-19 തീയതി 26.02.2019 | ഇലക്ട്രിഫിക്കേഷൻ |
| **13,90,055/-** | | |

ഈ പ്ലാസ്റ്റിക് സംഭരണകേന്ദ്രത്തിൽ പ്ലാസ്റ്റിക് സംസ്ക്കരണത്തിനായി ഷ്രെഡിംഗ് മെഷീനും, ബെയ് ലിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി (പ്രൊജക്ട് നം. 11/19) 10,00,000/- അടങ്കലിൽ അംഗീകാരം വാങ്ങി. പഞ്ചായത്ത് ഭരണസമിതിയുടെ 30.01.2019-ലെ 19-ാം നമ്പർ തീരുമാനപ്രകാരം ഈ പ്ലാസ്റ്റിക് സംഭരണ കേന്ദ്രത്തിൽ ഷ്രെഡിംഗ് & ബെയ് ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കാനും, ക്ലീൻ കേരള മിഷനുമായിച്ചേർന്ന് അതിന്റെ പ്രവർത്തനം ആരംഭിക്കുവാനുമായി കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം 4,52,772/- രൂപ വിലവരുന്ന ഷ്രെഡിംഗ് മെഷീനും, 4,63,571/- രൂപ വിലവരുന്ന ബെയ് ലിംഗ് മെഷീനും സ്ഥാപിക്കുന്നതിനും, പ്രവ്രത്തനം ആരംഭിക്കുന്നതിനുമായി ക്ലീൻ കേരള മിഷന് മെഷീനുകളുടെ വിലയായി 66600/-രൂപ നികുതിയുൾപ്പെടെ 9,82,943/- രൂപ മുൻകൂർ നല്കേണ്ടിയിരുന്നു. എന്നാൽ ഈ തുക നാളിതുവരെ നല്കിയിട്ടില്ല എന്നതിനാൽ ക്ലീൻ കേരള മിഷൻ ഈ മെഷിനുകൾ സ്ഥാപിച്ച് നല്കിയിട്ടുമില്ല.

കെട്ടിടത്തിൽ നിലവിൽ കൃഷിവകുപ്പിന്റെ ഇക്കോ ഷോപ്പാണ് പ്രവർത്തിക്കുന്നത്. ഈ ഇക്കോഷോപ്പിന് വേണ്ടി 1,00,000/- രൂപ അടങ്കലിൽ അഡീഷണൽ ഫെസിലെറ്റീസ് എന്ന പ്രൊജക്ടിന് അനുമതി വാങ്ങി ടെൻഡർ ചെയ്ത് പ്രവൃത്തി 03/2019-ൽ പൂർത്തീകരിച്ച് 70959/- രൂപ (ചെക്ക് നം.69539/ 12/03/2019) കരാറുകാരന് നല്കി. ഇപ്പോൾ ഇക്കോഷോപ്പും, കൃഷിഭവന്റെ സ്റ്റോർ റൂമും ആണ് ഇവിടെ പ്രവർത്തിക്കുന്നത്.

ഇപ്രകാരം 13,90,055/- രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തിയ ഈ പ്ലാസ്ററിക് സംഭരണകേന്ദ്രത്തിൽ പ്ലാസ്ററിക് വസ്തുക്കളുടെ സംഭരണമോ, പ്രോസ്സസ്സിംഗോ നടക്കുന്നില്ല. പദ്ധതി പ്രകാരം വകയിരുത്തിയ മെഷീനറികൾ പോലും വാങ്ങിയിട്ടുമില്ല. പ്രൊജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം പ്രായോഗികമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 1-21 സംയുക്ത പ്രൊജക്ടുകൾ നടപ്പാക്കുന്നതിൽ കാലതാമസം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,82,625 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 2,82,625 | 0 |
| | | 5,00,000 | മണ്ണംതുരുത്ത് അംഗൻവാടി റോഡിൽ കാനനിർമ്മാണം | 4,77,492 | 22,508 |
| | | 5,00,000 | തുണ്ടത്തുംകടവ് ജനതാ റോഡിൽ കാനനിർമ്മാണം | 4,70,216 | 29,784 |
| | | 5,00,000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 0 | 5,00,000 |
| | | 10,00,000 | തേവർകാട് പീപ്പിൾസ് റോഡ കാനനിർമ്മാണവും, ടൈൽ വിരിക്കലും (വാർഡ് -1) | 0 | 10,00,000 |
| | | 5,00,000 | ചൂളക്കടവ് റോഡ് കാനനിർമ്മാണവും, ടൈൽ വിരിക്കലും (വാർഡ് -6) | 0 | 5,00,000 |
| | | 10,00,000 | മഹാത്മാ തീയറ്റേഴ്സ് റോഡ് റീടാറിംഗ് (വാർഡ്- 9) | 0 | 10,00,000 |
| | | 5,00,000 | സെന്റ്. ജോർജ്ജ് റോഡ് റീടാറിംഗ് (വാർഡ്- 4) | 0 | 5,00,000 |

| | | | | | |
|---|---|---|---|---|---|
| | | 10,00,000 | ചിറക്കകം സ്കൂൾ പൈപ്പ് ലൈന്റ്- തല്ലോണിച്ചിറ്റ റോഡ് കല്ലുങ്ക് പുനരുദ്ധാരണം (വാർഡ് -16) | 0 | 10,00,000 |
| | | 5,00,000 | ചിറക്കകം പാടി റോഡ് ടൈൽ വിരിക്കൽ (വാർഡ് -15) | 0 | 5,00,000 |
| | | 10,00,000 | അറയ്ക്കൽ റോഡ് റീടാറിംഗ് കാനനിർമ്മാണം (വാർഡ്- 2) | 0 | 10,00,000 |
| | | 5,00,000 | സുനാമി റോഡ് ഒടൈൽ വിരിക്കൽ (വാർഡ് -6) | 0 | 5,00,000 |
| | **ആകെ** | **77,82,625** | | **12,30.333** | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 7,82,000 | പൊക്കാളിക്കൃഷി വികസനം | 7,82,000 | 0 |
| | | 4,00,000 | പാലിയേറ്റീവ് കെയർ | 2,79,000 | 121000 |
| | | 68,168 | അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി | 68,155 | 0 |
| | | 1,30,500 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 1,30,500 | 0 |
| | | 5,00,000 | വാട്ടർ ടാങ്ക് റോഡ് റീടാറിംഗും, കാനനിർമ്മാണവും- വാർഡ് -12 | 4,57,823 | 42,177 |
| | | 12,14,000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 0 | 12,14,000 |
| | **ആകെ** | **30,94,668** | | **17,17,478** | |

വരാപ്പുഴ ഗ്രാമപഞ്ചായത്തും, എറണാകുളം ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയ്ക്കായി 2018-19 സാമ്പത്തികവർഷം 77,82,625/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായെങ്കിലും, 12,30.333/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളു-(കേവലം 16% മാത്രം). ജില്ലാ പഞ്ചായത്തുമായി ചേർന്നുള്ള 12 സംയുക്തപ്രൊജക്ടുകളിൽ 9 എണ്ണവും 2018-19 സാമ്പത്തിക വർഷം നടപ്പാക്കാനായില്ല. അതേസമയം ഈ പ്രൊജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവൻ തന്നെ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി എസ്.ബി. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്ന് 2018-19 വർഷം ലഭ്യമായ 77,82,625/- രൂപയിൽ 65,98,292/- രൂപ ചെലവാക്കാതെ നീക്കിയിരുപ്പായി ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി നിൽക്കുന്നു എന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അതുപോലെ വരാപ്പുഴ ഗ്രാമപഞ്ചായത്തും, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടത്തുന്ന 6 പ്രൊജക്ടുകൾക്കു വേണ്ടി 2018-19 വർഷം 30,94,668/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായെങ്കിലും അതിൽ 24,40,476/- രൂപയാണ് 31.03.2019 വരെ ചെലവായത്. "ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം" എന്ന സംയുക്തപ്രൊജക്ടിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ 12,14,000/- രൂപയും ചെലവാകാതെ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി എസ്.ബി. അക്കൗണ്ടിൽ നീക്കിയിരുപ്പായി നിൽക്കുന്നു.

ഭവനനിർമ്മാണപദ്ധതിയിലും, മരാമത്ത് പ്രവൃത്തികളിലും ജില്ലാ പഞ്ചായത്തിന്റെയും, ബ്ലോക്ക് പഞ്ചായത്തിന്റെയും പങ്കാളിത്തത്തോടെ സംയുക്തമായി നടപ്പാക്കാനുദ്ദേശിച്ച് പ്രസ്തുത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് അവരുടെ വിഹിതം കൈപ്പറ്റിയ ശേഷം ആ പദ്ധതികൾ നടപ്പാക്കാതെ പദ്ധതിപ്പണം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ടിതുക ജില്ലാ പഞ്ചായത്തിന്റെയും, ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെയും 2018-19 പദ്ധതിവിനിയോഗത്തിന്റെ ചെലവ് കണക്കിൽ ഉൾപ്പെട്ടതിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ

സൂക്ഷിക്കുന്നത് സംയുക്തപ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.07/2017/ഫിൻ തീയതി 23.01.2017 ന്റെ ലംഘനമാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷം ആകെ 49 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം കിട്ടിയത്. ഇതിൽ 23 പ്രൊജക്ടുകളാണ് 31.03.2019വരെ നടപ്പിലാക്കിയത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ആകെ പ്രൊജക്ടുകളുടെ എണ്ണം(സ്പിൽ ഓവർ ഉൾപ്പെടെ) | ആകെ അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 49 | 3,08,26798 | 23 | 96,02,625 | 31.15% |

മരാമത്ത് പ്രവൃത്തികളുടെ ചെലവ് ശതമാനം 31% ആയി കുറഞ്ഞതിന് താഴെപ്പറയുന്നവ കാരണമായിത്തീർന്നതായി നിരീക്ഷിക്കുന്നു.

### I.ക്യൂ- ബില്ലുകൾ

31.03.2019ന് മുൻപ് പണി പൂർത്തിയാക്കി ട്രഷറിയിൽ സമർപ്പിച്ച 7 ബില്ലുകൾ ക്യൂ ബില്ലുകളായി.

| ക്യൂ ബിൽ ആയ പ്രൊജക്ടുകളുടെ പേര് | ബിൽ തുക | ബില്ലുകൾ സമർപ്പിച്ച തീയതി | ക്യൂ ബിൽ നമ്പർ |
|---|---|---|---|
| വാർഡ് II കൾവർട്ട് നിർമ്മാണം | 3,81,434 | 28/03/2019 | 23/18-19 |
| 114-ാം നമ്പർ അംഗൻവാടിയുടെ പുനർനിർമ്മാണം | 4,62,398 | 27/03/2019 | 22/18-19 |
| ആയുർവ്വേദ ആശുപത്രി നിർമ്മാണം- IIIrd & Part Bill | 5,70,886 | 27/03/2019 | 24/18-19 |
| വിവിധ റോഡുകളുടെ നിർമ്മാണം-വാർഡ് 2 | 4,33,870 | 28/03/2019 | 25/18-19 |
| റീടാറിംഗ് & കാന നിർമ്മാണം | 5,60,000 | 28/03/2019 | 26/18-19 |
| വാർഡ് IX- ലെ റോഡുകളുടെ നിർമ്മാണം | 5,98,566 | 28/03/2019 | 27/18-19 |
| വിവിധ റോഡുകളുടെ നിർമ്മാണം-വാർഡ് 10 | 6,50,991 | 28/03/2019 | 28/18-19 |

2018-19 പദ്ധതി വർഷത്തെ 49 മരാമത്ത് പ്രവൃത്തികളിൽ 46 പ്രവൃത്തികൾക്കും 2018 ജൂൺ- ജൂലൈ മാസങ്ങളിൽ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചതായി കാണുന്നു. ഉദാഹരണമായി ആദ്യഘട്ടമായി 09/07/2018-ൽ 28 മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. ഈ ദർഘാസ് പരസ്യം മുഖേന ഇ-ടെണ്ടർ സമർപ്പിച്ച 5 പ്രവൃത്തികളുടെ ടെൻഡറുകൾ 03/10/2018ലെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് 03/11/2018-ൽ കരാറുകാർക്ക് സെലക്ഷൻ നോട്ടീസുകൾ അയച്ചു. 15 ദിവസത്തിനുള്ളിൽ പഞ്ചായത്തുമായി കരാർ വെച്ച് സൈറ്റ് ഏറ്റെടുത്ത് 4 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കണമെന്ന് ഈ നോട്ടീസിൽ അറിയിച്ചിരുന്നു. ഭൂരിഭാഗം പ്രവൃത്തികളും ഈ വ്യവസ്ഥ പാലിച്ച് കരാർ വെച്ചെങ്കിലും, മിക്കവാറും പ്രവൃത്തികളും 2019 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ആരംഭിച്ച് മാർച്ച് അവസാനആഴ്ചകളിലാണ് ഫൈനൽ ബില്ല് സമർപ്പിക്കപ്പെടുന്നത്.

ആദ്യഘട്ടത്തിലെ ടെൻഡർ പരസ്യപ്രകാരം ടെൻഡർ സമർപ്പിക്കപ്പെടാത്ത പ്രൊജക്ടുകൾ പിന്നീട് റീ-ടെൻഡർ വിളിക്കുകയും, ഇതിലും മേൽപ്പറഞ്ഞ കാലതാമസം

വരുന്നതായും കാണുന്നു. ഇപ്രകാരം മാർച്ച് അവസാനആഴ്ച വരെ പ്രൊജക്ടുകളുടെ ബില്ലുകൾ തയ്യാറാക്കപ്പെടുകയും, ആയത് ട്രഷറിയിൽ സാമ്പത്തികവർഷത്തിന്റെ അവസാനദിനങ്ങളിൽ സമർപ്പിക്കപ്പെടുകയും ചെയ്യുന്നതുമൂലമാണ് പണി പൂർത്തിയാക്കിയ പ്രൊജക്ടുകളുടെ ബില്ലുകൾ പോലും തൻവർഷം തുക മാറാതെ ക്യൂ ബില്ലുകളായി മാറുന്നത്.

.

**II. കരാറുകാരുടെ നിസ്സഹകരണം, പ്രളയം, കിഫ്ബി പ്രൊജക്ടിന് വേണ്ടി റോഡ് പൊളിച്ചിട്ടത്**

മരാമത്ത് പ്രവൃത്തികളുടെ സാധനസാമഗ്രികളുടെ വിലവർദ്ധനവുമായി ബന്ധപ്പെട്ട് കരാറുകാരുടെ സമരവും, 5 ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളുൾപ്പെടെ ഇ-ടെൻഡർ ചെയ്തതിനെത്തുടർന്ന് കരാറുകാരുടെ നിസ്സഹകരണവും 2018-19 വർഷത്തെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹണകലണ്ടർ പാലിക്കാതെ നീണ്ടുപോകുന്നതിന് കാരണമായിട്ടുണ്ട്.

ഇത് കൂടാതെ 2018 ആഗസ്റ്റ് മാസത്തിൽ മഹാപ്രളയത്തെത്തുടർന്ന് പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം വാർഡുകളിലും വെള്ളം കയറി ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഒരു പ്രവൃത്തിയും ചെയ്യാൻ കഴിഞ്ഞതുമില്ല.
കിഫ്ബി മുഖാന്തിരം കുടിവെള്ളപ്പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ മിക്കറോഡുകളും പൊളിച്ചിട്ടിരിക്കുന്ന അവസ്ഥയുമുണ്ടായി. ഇപ്രകാരം പൊളിച്ച റോഡുകളിൽ ഒരു വർഷക്കാലം കഴിയാതെ പ്രവൃത്തി നടത്തിയാൽ റോഡ് ഇരുന്നുപോകുമെന്നതിനാൽ ടെൻഡർ ചെയ്ത് എഗ്രിമെന്റ് വെച്ച കരാറുകാരിൽ പലരും പ്രവൃത്തി ആരംഭിക്കാൻ വിസമ്മതിച്ചു.

III എൻജിനീയറിംഗ് വിംഗിലെ ജീവനക്കാരുടെ അപര്യാപ്തത

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷനിൽ ഒരു അസിസ്റ്റന്റ് എൻജിനീയർ, സെക്കന്റ് ഗ്രേഡ് ഓവർസീയർ, തേർഡ് ഗ്രേഡ് ഓവർസീയർ എന്നീ തസ്തികകളാണുള്ളത്. എൽ.എസ്.ജി.ഡി എൻജിനീയറിംഗ് സെക്ഷനിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല കൂടാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കൽ, കംപ്ലീഷൻ കെട്ടിടങ്ങളുടെ പരിശോധന തുടങ്ങിയ ജോലികൾ കൂടി ചെയ്യേണ്ടിവരുന്നതിനാൽ അധികജോലിഭാരം വഹിക്കേണ്ടതായി വരുന്നു. നിലവിൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിനും, വരാപ്പുഴ ഗ്രാമപഞ്ചായത്തിനും കൂടി ഒരു ക്ലറിക്കൽ ജീവനക്കാരനെയാണ് അനുവദിച്ചിരിക്കുന്നത്. സ്റ്റാഫ് പാറ്റേണിലുള്ള ഈ കുറവും പഞ്ചായത്തിന്റെ 2018-19 മരാമത്ത് പ്രവൃത്തികളുടെ ചെലവ് ശതമാനം ഗണ്യമായി കുറയാൻ ഇടയാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അപര്യാപ്തകളും, അപാകതകളും പരിഹരിച്ച് ആവശ്യമുള്ള പക്ഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിസ്ഥാനസൗകര്യ വികസന മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കാൻ പഞ്ചായത്ത് ഭരണസമിതി പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-23 പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം - വിവരങ്ങൾ ലഭ്യമല്ല.

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ സർവ്വേ നം. 324/ 5A5 -ൽ ഉൾപ്പെട്ട 2.49 ആർ ഭൂമി വരാപ്പുഴ ബസ് സ്റ്റാൻഡ് വികസനത്തിനായി 20.02.2004-ൽ റവന്യൂ വകുപ്പ് പൊന്നും വിലയ്ക്കെടുത്ത് വരാപ്പുഴ ഗ്രാമപഞ്ചായത്തിന് നല്കിയിട്ടുള്ളതാണ്. പൊന്നും വില നടപടിയുടെ ഭാഗമായി അനുവദിച്ച 4,83,660/- രൂപയുടെ 20% തുക 97,732/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ ലഭിക്കുന്നതിന് പറവൂർ താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ ഓഫീസിൽ നിന്ന് കത്ത് ലഭിച്ചിരുന്നു. ടി തുക സമയബന്ധിതമായി അടയ്ക്കാത്തതിനാൽ പിഴപ്പലിശ സഹിതം 2,11,829/- രൂപ അടയ്ക്കാൻ 21/03/2018-ൽ അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് ഈ പിഴപ്പലിശ ഒഴിവാക്കി 97,732/- രൂപ മാത്രം അടയക്കുന്നതിന് അനുവദിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി സർക്കാരിൽ അപേക്ഷിച്ചിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം ആദ്യഗഡു

തുകയായ 45,489/- രൂപ 12/03/2019ൽ വൗച്ചർ നം. 21801397 പ്രകാരം അടച്ചതായി കാണുന്നു. ബാക്കി തുക 20 തുല്യഗഡുക്കളായി അടയ്ക്കുവാനാണ് സർക്കാർ ഉത്തരവിട്ടത്.

ഇത് സംബന്ധിച്ച് എൻക്വയറി നം.13 ന് നല്കിയ മറുപടിയിൽ ജി.സി.ഡി.എ നിർമ്മിച്ച പഞ്ചായത്ത് ബസ് സ്റ്റാൻഡ് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, സ്റ്റാൻഡ് പ്രവർത്തനക്ഷമമാണെന്നും മറുപടി നല്കി. എന്നാൽ പഞ്ചായത്തിന് പൊന്നുംവിലയ്ക്ക് ഭൂമി എടുത്ത് നല്കിയതിന് റവന്യൂ വകുപ്പിലേക്ക് നിയമാനുസൃതം അടയ്ക്കേണ്ട തുക അടയ്ക്കാതെ കാലതാമസം വന്നത് പഞ്ചായത്തിന്റെ തനത് വരുമാനം ആ കാലഘട്ടത്തിൽ കുറവായത് കൊണ്ടാണെന്നാണ് വിശദീകരിച്ചത്. എന്നാൽ സർക്കാരിലേക്ക് നിയമാനുസൃതം അടയ്ക്കേണ്ട തുക സമയബന്ധിതമായി അടച്ചിരുന്നുവെങ്കിൽ റവന്യൂ റിക്കവറി നടപടികളും, പലിശ സഹിതം മൂന്നിരട്ടി തുക അടയ്ക്കേണ്ടി വരുന്ന സാഹചര്യവും ഒഴിവാക്കാമായിരുന്നു.

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള ഭൂമിയിൽ നിർമ്മിക്കുന്ന പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പാണ് പ്രവൃത്തി ചെയ്യുന്നത്. വർഷങ്ങളായി പൂർത്തീകരിക്കാതെ കിടക്കുന്ന ഈ പ്രവൃത്തി പൂർത്തീകരിച്ച് കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്തിന് വിട്ടുകിട്ടിയാൽ പൊതുവെ തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ ഒരു വരുമാനസ്രോതസ്സായി മാറും. എന്നാൽ ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി.വകുപ്പിനെ കെട്ടിടനിർമ്മാണം ഏൽപ്പിച്ചതിന്റെ രേഖകളോ, കരാറോ പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് ഇത് സംബന്ധിച്ച എൻകയറിക്ക് പഞ്ചായത്ത് നല്കിയ മറുപടി.

അതുപോലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എം.എൽ.എ ഫണ്ടുപയോഗിച്ച് സംസ്ഥാന യുവജനക്ഷേമ വകുപ്പാണ് നടത്തുന്നത്. ഇത് സംബന്ധിച്ചും ഉടമസ്ഥാവകാശം, കരാർ, പ്രവർത്തനപുരോഗതിഎന്നീ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് മറുപടി നല്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ സ്വന്തം ആസ്തിയിൽ നടക്കുന്ന നിർമ്മാണപ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്ന വിധത്തിൽ നിർവ്വഹണഏജൻസിയുമായോ,മറ്റ് സർക്കാർ വകുപ്പുകളുമായോ നിയമാനുസൃത കരാർചമയ്ക്കുന്നതിനും, പ്രവർത്തികൾ നിർവ്വഹണകലണ്ടർ പ്രകാരം തന്നെ പൂർത്തീകരിച്ച് ആസ്തി പഞ്ചായത്തിന് തിരികെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് പഞ്ചായത്ത് ഭരണസമിതിയുടെ ചുമതലയാണ്. പഞ്ചായത്ത് ആസ്തികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പിൽ സെക്രട്ടറി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതിയിനത്തിലെ അപാകതകൾ

വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ഭൂരിഭാഗം അർദ്ധവാർഷിക പത്രികകളിലും വരുമാനത്തിന്റെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. തന്മൂലം യഥാർത്ഥ വരുമാനം അനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

2018-19 ഒന്നാം അർദ്ധവർഷം

| പേര് | 2018-19 ശമ്പളം(രൂ.)/ രസീത് നം. /തീയതി | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കിയത് (രൂ.) | ഈടാക്കേണ്ടത് (രൂ.) | കുറവ് (രൂ.) |
| **I നവ്യ കേക്ക് ഷോപ്പ്, മാർക്കറ്റ് റോഡ്, വരാപ്പുഴ.** | | | | |
| 1. റഹുലാമിൻ എം.ഡി. | 88400/- 0007/31.08.18 | 300 | 750 | 450 |
| 2. റിയാസ് എ | 152994/- | 750 | 1250 | 500 |
| 3.സുരേൻ സ്വാർഗിയറി | 108378/- | 450 | 1000 | 550 |
| 4. ബോബി ബോബൻ | 130546/- | 600 | 1250 | 650 |
| 5. ജേക്കബ് തോമസ് | 58664/- | 180 | 450 | 270 |
| 6. അഖിൽ ജൂസ് മേക്കർ | 130580/- | 600 | 1250 | 650 |
| 7. അൻഷാദ് ഷാനവാസ് | 105246/- | 450 | 1000 | 550 |
| 8. അംബുജം | 112904/- | 450 | 1000 | 550 |
| **ആകെ** | | | | **4170** |

തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയിരിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 282625 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 282625 | 0 |
| | | 500000 | മണ്ണംതുരുത്ത് അംഗൻവാടി റോഡിൽ കാനനിർമ്മാണം | 477492 | 22508 |
| | | 500000 | തുണ്ടത്തുംകടവ് ജനതാ റോഡിൽ കാനനിർമ്മാണം | 470216 | 29784 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 782000 | പൊക്കാളിക്കൃഷി വികസനം | 782000 | 0 |
| | | 400000 | പാലിയേറ്റീവ് കെയർ | 279000 | 121000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 68168 | അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി | 68155 | 0 |
| | | 130500 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 130500 | 0 |
| | | 500000 | വാട്ടർ ടാങ്ക് റോഡ് റീടാറിംഗും, കാനനിർമ്മാണവും- വാർഡ് -12 | 457823 | 42177 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| K.S.E.B | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 2018-19 | 426121 | 426121 |
| | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2018-19 | 77736 | 77736 |

2017-18 സാമ്പത്തികവർഷം “വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ” എന്ന പ്രൊജക്ടിന് വേണ്ടി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ ബാക്കി നിൽക്കുന്ന തുകയായ 3,877/- രൂപയും(118229-114352), 2018-19 വർഷം “വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ” എന്ന പ്രൊജക്ടിന് വേണ്ടി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകയായ 426121/- രൂപയും ഉൾപ്പെടെ 429998/- രൂപയാണ് 31.03.2019-ലെ ബാലൻസ് ഷീറ്റിൽ മുൻകൂർ നല്കിയത് ക്രമീകരിക്കാതെ ബാക്കിനിൽക്കുന്നതായി കാണിച്ചിരിക്കുന്നത്. എന്നാൽ “ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ” എന്ന പ്രൊജക്ടിന് വേണ്ടി 77,736/- രൂപയും കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് RP-16 ഷെഡ്യൂളിൽ 251 630 101 എന്ന ചെലവ് ഹെഡിൽ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നതിനാൽ മുൻകൂർ നല്കിയത് ക്രമീകരിക്കാതെ ബാക്കിനിൽക്കുന്നതായി ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ വന്നിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല**

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

**ഇല്ല**

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 60,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000 |
| ആകെ | 70,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | **70,00,000** |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| നിക്ഷേപത്തിന്റെ വിവരം | തുക | ബാങ്കിന്റെ പേര് |
|---|---|---|
| 1101057848/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101057847/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058121/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058106/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 110106810/ 28.03.2019 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| **ആകെ** | **70,00,000** | |

## 4-6 ഓഡിറ്റ് റിക്കവറി

**ഇല്ല**

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-2010 & 2010-2011 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണ-സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മ പരിശോധന നടത്തി നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിചിട്ടുണ്ട്. |
| | | 3.2.7 | ആസ്തിരജിസ്റ്ററുകളുടെ പരിപാലനം | |
| | | 3.2.9 | കണക്റ്റിവിറ്റി പ്ലാൻ | |
| | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ-സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | |
| | | 3.2.13 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല | |
| | | 3.2.15 | ഡ്രെയിനേജ് സംവിധാനം<br><br>അപാകതകൾ | |
| | | 3.2.18 | ടെൻഡർ പ്രവൃത്തികളിലെ ക്രമക്കേട് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,57,83,879 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,18,04,406 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,170 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,99,200 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 4170 | | മഞ്ജുള ആർ. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,99,200 | സീന അഗസ്റ്റിൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |

.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മഞ്ജുള ആർ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി വരാപ്പുഴ ഗ്രാമപഞ്ചായത്ത് | സായ് കൃപ, പി.ജെ.ആന്റണി റോഡ്, പാലാരിവട്ടം പി.ഒ എറണാകുളം |
| സീന അഗസ്റ്റിൻ ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ വരാപ്പുഴ ഗ്രാമപഞ്ചായത്ത് | - |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(1)/2018 തീയതി. 23.05.2018 | 4 | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(7)/2018 തീയതി. 23.05.2018 | 2 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | - | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | - | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | - | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | - | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | - | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

. എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം**

## അപാകതകളുടെ സംഗ്രഹം

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. 2018-19 വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-4(b) ഷെഡ്യൂളിൽ ഡി. ആന്റ് ഒ ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 185400/- രൂപയാണ്. എന്നാൽ ഡി. ആന്റ് ഒ. ലൈസൻസ് ഫീസിന്റെ ഡിമാന്റ് രജിസ്റ്റർ പ്രകാരം 183150/- മാത്രമാണ് ഡിമാന്റ്.

.

**ഡെപ്യൂട്ടി ഡയറക്ടർ**

**Annexure - 1**

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **VARAPPUZHA** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Varappuzha Grama Panchayat for the year 2018-19 except the observations appended, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**
**DISTRICT AUDIT OFFICE, ERNAKULAM**

**ABSTRCT OF DEFECTS**

1. Assets including Land are not accounted properly and entered in the asset register. The same has not been reconciled with the book values in the AFS.

2. The Demand of D&O Licence fees recorded in the I-4(b) schedule of the Income and Expenditure Statement is ₹185400/-. But the amount entered in the D&O Register is ₹183150/-.

**DEPUTY DIRECTOR**